ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴിയുള്ള വിദ്യാഭ്യാസ വായ്പ

156 (1530) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴി വിദ്യാഭ്യാസ വായ്പാ വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പയ്ക്കുള്ള എത്ര അപേക്ഷകളാണ് കോർപ്പറേഷനിൽ ലഭിച്ചിട്ടുള്ളത്; ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ലഭ്യമായ അപേക്ഷ - 1054

ഇനി തീർപ്പാക്കാനുള്ള അപേക്ഷ - 441

ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ

157 (1531) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15-ലെ ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരുന്ന 55 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

2014-15 ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിരുന്ന 55 കോടി രൂപയിൽ 40 കോടി രൂപ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിലും 15 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പ്രോഗ്രാമിന്റെ സംസ്ഥാന വിഹിതമെന്ന നിലയിലുമാണ് ചെലവഴിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly